**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2440 — 12.06.2018 ൽ മറുപടിക്ക്

**അമ്പലത്തിൽകാല ഖാദി ഉൽപ്പാദന കേന്ദ്രം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ഐ.ബി. സതീഷ് | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കീഴിൽ കാട്ടാക്കട അമ്പലത്തിൽകാലയിൽ ഖാദി ഉൽപ്പാദന കേന്ദ്രത്തിൽ പുതിയ കെട്ടിടത്തിനും സിൽക്ക്നെയ്ത്ത് ആരംഭിക്കുന്നതിനും വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിനായുള്ള തുടർ നടപടികൾ വേഗത്തിലാക്കുമോ? | (എ) അമ്പലത്തിൻകാല ഖാദി ഉല്പാദന കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും സിൽക്ക് ഗ്രാമവ്യവസായ നെയ്ത്ത് യൂണിറ്റ് ആരംഭിക്കുന്നതിനുമായി കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് സെക്രട്ടറി ലഭ്യമാക്കിയ ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥല പരിമിതി കാരണം നിലവിലുള്ള കെട്ടിടത്തോട് ചേർന്ന് ചായ്പ്പ് (lintal to shed) കെട്ടി പത്ത് തറി സ്ഥാപിച്ച് യൂണിറ്റ് ആരംഭിക്കുന്നതിന് നിശ്ചയിക്കുകയും ആയത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ